# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

സെന്റ്. ജോസഫ് എൽ.പി സ്കൂൾ
തൊമ്മൻകുത്ത്.

# ആമുഖം

തൊടുപുഴ താലൂക്കിൽ നെയ്യശ്ശേരി വില്ലേജിൽ കരിമണ്ണൂർ പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു സ്കൂളാണിത്. 1964 ജൂൺ മാസത്തിൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. കരിമണ്ണൂർ ബി.ആർ.സി യുടെ കീഴിൽ പ്രവർത്തിക്കുന്നതും തൊടുപുഴ വിദ്യാഭ്യാസ ഉപജില്ലയിൽ പെട്ടതുമായ ഈ സ്കൂൾ മലയോര പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തൊടുപുഴ-തൊമ്മൻകുത്ത്- വണ്ണപ്പുറം റൂട്ടിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ തൊടുപുഴയിൽ നിന്നും 19 കി.മീ. അകലെയാണ്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ കൊച്ചുകേരളത്തിൽ സാക്ഷരതാശതമാനം ഏറ്റവും കുറഞ്ഞ സ്ഥലങ്ങളിൽ ഒന്നായിരുന്നു തൊമ്മൻകുത്ത്. ഇതിന് ഒരു പരിഹാരം കണ്ടെത്തണം എന്ന ആവശ്യം ഉയർന്നതിന്റെ ഫലമായി 1964 മെയ് മാസത്തിൽ സ്കൂളിന് അനുവാദം കിട്ടി. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.മൈക്കിൾ വി.എം. ആയിരുന്നു. ഇന്ന് അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് തൊമ്മൻകുത്ത്. ധാരാളം ടൂറിസ്റ്റുകൾ ഇവിടെ വന്നുപോകുന്നു. ഈ കാനനഭംഗിയുടെ പശ്ചാത്തലത്തിൽ സെന്റ്. ജോസഫ്സ് എൽ.പി.സ്കൂളും വളരാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് ജോസഫ്സ് എൽ.പി.എസ് തൊമ്മൻകുത്ത് |
| വിലാസം | : തൊമ്മൻകുത്ത് പി.ഒ. തൊടുപുഴ, ഇടുക്കി ജില്ല പിൻ. 685581 |
| സ്കൂൾ കോഡ് | : 29358 |
| വിദ്യാഭ്യാസ ഉപജില്ല | : തൊടുപുഴ |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി.ആർ.സി. | : കരിമണ്ണൂർ |
| സി.ആർ.സി. | : ജി.യു.പി.എസ് കരിമണ്ണൂർ |
| ഗ്രാമപഞ്ചായത്ത് | : കരിമണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ഇളംദേശം |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| വില്ലേജ് | : നെയ്യശ്ശേരി |
| വാർഡ് നമ്പർ | : 3 |
| വാർഡ് മെമ്പർ | : ശ്രീ. ബിബിൻ അഗസ്റ്റ്യൻ |

## കുട്ടികളുടെ എണ്ണം

| വർഷം | I | II | III | IV | ആകെ |
|---|---|---|---|---|---|
| 2024-25 | 11 | 11 | 15 | 9 | 46 |
| 2025-26 | 5 | 11 | 10 | 16 | 42 |
| | | | | | |

## ജീവനക്കാരുടെ വിവരങ്ങൾ

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| ലോവർ പ്രൈമറി | 0 | 3 | 3 |
| ഹെഡ്മാസ്റ്റർ | 0 | 1 | 1 |
| ആകെ | 0 | 4 | 4 |

## ഭൗതികസാഹചര്യങ്ങൾ

| ഇനം | എണ്ണം |
|---|---|
| ക്ലാസ് മുറി | 5 |
| ഓഫീസ് | 2 |
| പ്രൊജക്ടർ | 2 |
| കമ്പ്യൂട്ടർ മുറി | 1 |
| ഗ്രീൻ ബോർഡ് | 5 |
| അടുക്കള | 1 |
| സ്റ്റാഫ് റൂം | 1 |
| പ്രിന്റർ | 1 |
| റീഡിംഗ് റൂം | 1 |
| മൂത്രപ്പുര | 5 |
| ടോയ്‌ലറ്റ് | 4 |
| കിണർ | 1 |
| ലാപ്ടോപ്പ് | 4 |
| സ്റ്റേജ് | 1 |

## പൊതുലക്ഷ്യങ്ങൾ

- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് അവരുടെ സമഗ്രവികസനം ഉറപ്പാക്കുക.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റവരാക്കുക.
- എല്ലാ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പു വരുത്തുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പുവരുത്തുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.

- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
2. റിസോഴ്സ് അധ്യാപകരുടെ കുറവ്
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
4. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
5. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം
6. കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല
7. കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്

സാമൂഹികം

1. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമൂഹത്തിന്റെ ഇടപെടൽ ഇല്ല.
2. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല

23-7

# മികവുകൾ

- വായന പരിപോഷണം
- സ്കൂൾ അസംബ്ലി
- പത്രവായന
- പി.ടി.എ., എം.പി.ടി.എ സജീവ സഹകരണം
- വിവിധ ക്ലബ്ബുകൾ
- എല്ലാ മാസത്തിലും ക്ലാസ് പി.ടി.എ
- എൽ. എസ്. എസ് പരീക്ഷകൾക്ക് പ്രത്യേക പരിശീലനം
- പൊതുവിജ്ഞാനം
- കൗൺസിലിംഗ്
- പിന്നോക്കക്കാരെ പരിഗണിക്കൽ
- ഇംഗ്ലീഷ്, ഹിന്ദി എന്നിവയിൽ പരിശീലനം
- ദിനാചരണങ്ങൾ
- യൂണിറ്റ് ടെസ്റ്റ്
- ഭവനസന്ദർശനം
- ജൈവവൈവിധ്യ ഉദ്യാനം
- കുട്ടികളെ വളരെ നന്നായി മനസ്സിലാക്കിയിരിക്കുന്നു.

(അവരുടെ ചുറ്റുപാടുകൾ, വീട്ടിലെ സാഹചര്യം)

## മികവിനായി ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

സ്കൂൾ അസംബ്ലി
ദിനാചരണങ്ങൾ
വായനക്കൂട്ടം /
വായനച്ചങ്ങാത്തം
പതിപ്പുകൾ
വളരുന്ന അക്ഷരപ്പൂക്കം
ക്ലാസ് ലൈബ്രറി
ഫീൽഡ് ട്രിപ്പ്
പൊതുവിജ്ഞാനം
ബോധവത്കരണ ക്ലാസ്
ഹിന്ദി ഭാഷാപരിജ്ഞാനം
മലയാളത്തിളക്കം

### സാമൂഹികം

പി.ടി.എ മീറ്റിംഗ്
കൃഷിയോട് ആഭിമുഖ്യം വളർത്തൽ
അഭിമുഖം നടത്തൽ
വിദ്യാലയ മികവ് അവതരണം
ഭവനസന്ദർശനം
പൂർവവിദ്യാർത്ഥി സംഗമം
അംഗൻവാടി സന്ദർശനം

### ഭൗതികം

കളിസ്ഥലം
ചുറ്റുമതിൽ
മാലിന്യസംസ്കരണം
പച്ചക്കറിത്തോട്ടം
ക്ലാസ്റൂം നവീകരണം
ബാത്റൂം നവീകരണം

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം 1

സ്കൂൾ അസംബ്ലി

മേഖല : അക്കാദമികം

| പ്രവർത്തനങ്ങൾ-പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1. സ്കൂൾ അസംബ്ലി | അവതരണ മികവ് സർഗാത്മക രചന വായന പരിപോഷണം | പ്രധാന വാർത്തകൾ, വായന കുറിപ്പ്, വ്യായാമം പ്രതിജ്ഞ | തിങ്കൾ ചൊവ്വ ബുധൻ വ്യാഴം |
| 2 ദിനാചരണങ്ങൾ | ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട വ്യക്തികൾ, സ്ഥലം മനസ്സിലാക്കുന്നതിനും | ചുമർ പത്രിക, പ്രസംഗങ്ങൾ, പതിപ്പുകൾ, പോസ്റ്ററുകൾ, ക്വിസ് മത്സരം ചിത്ര ശേഖരണം ബോധവത്കരണ ക്ലാസുകൾ | ജൂൺ - മാർച്ച് |
| 3 വായന പരിപോഷണം | 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും | വായനസാമഗ്രികളുടെ ശേഖരണം, നിർമ്മാണം കുട്ടികളുടെ ലൈബ്രേറിയൻ, ജന്മദിനത്തിനൊരു പുസ്തകം | ജൂൺ 19 മുതൽ മാർച്ച് വരെ |

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 4<br>ഹിന്ദി ഭാഷാ പരിജ്ഞാനം | ഭാഷാ പരിജ്ഞാനം | ആഴ്ചയിൽ 2 ദിവസം ഹിന്ദി ക്ലാസ് വിദഗ്ധർ | എല്ലാ ആഴ്ചയിലും 2 ദിവസം |
| 5<br>ഗണിത ശേഷി വികാസം, ഗണിത ലാബ് | ഗണിത പഠനം രസകരമാക്കുന്നതിന്. | ഗണിത ക്ലബ്ബ്, ഗണിത കിറ്റ്, ജന്മദിന കലണ്ടർ, ഗണിത കളികൾ, സംഖ്യാ പാട്ട് | ജൂൺ - മാർച്ച് |
| 6<br>വിദ്യാരംഗം കലാവേദി | കുട്ടികളുടെ സർഗ്ഗവാസനകൾ വികസിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും അവസരം | ബാലസഭ, സർഗസൃഷ്ടികളുടെ അവതരണം | എല്ലാ വെള്ളിയാഴ്ചയും |
| 7<br>വിവിധ ക്ലബ്ബുകൾ (ഗണിതം, സയൻസ്, പ്രവൃത്തി പരിചയം, തുടങ്ങിയവ) | ഗണിത ശാസ്ത്ര സാമൂഹിക അറിവുകളുടെ വികാസവും പ്രകൃതിയെ അടുത്തറിയുന്നതിനും | പരീക്ഷണങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ഗണിതമാസിക, വിവിധ തരം ആൽബങ്ങൾ, | ആഴ്ചയിൽ ഒരിക്കൽ ഓരോ ക്ലബ്ബിനും |
| 8<br>കലാകായിക പരിശീലനം: മേളകൾ | പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് നേടുന്നതിന്. | വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം. | ജൂലൈ മുതൽ ഡിസംബർ വരെ |

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 9 പഠനയാത്ര | പ്രകൃതിയെയും സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അടുത്തറിയുന്നതിന് | വനം, ഫാം, സൂപ്പർമാർക്കറ്റ്, പൊതുസ്ഥാപനങ്ങൾ, ചെരിപ്പ് കമ്പനി തുടങ്ങിയവയിലേക്ക് പഠനയാത്രകൾ നടത്തുന്നു | രണ്ടാം ടേമിലും മൂന്നാം ടേമിലും ഡിസംബർ ജനുവരി ഫെബ്രുവരി |
| 10 ക്ലാസ്സിനൊരു ട്രോഫി | കുട്ടികളുടെ സമഗ്രവികസനം | അച്ചടക്കം, പെരുമാറ്റം, പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലുള്ള മികവ്, ശുചിത്വം തുടങ്ങിയവ വിലയിരുത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം വീതം |
| 11 യൂണിറ്റ് ടെസ്റ്റ് | നിരന്തരമായി പഠനനേട്ടങ്ങൾ വിലയിരുത്തുന്നതിന്, പരിഹാരമാർഗ്ഗം നൽകുന്നതിനും | വർക്ക് ഷീറ്റുകൾ ക്ലാസ് ടെസ്റ്റ്, ചിന്തന ബുക്ക് സചിത്രലേഖന ബുക്ക് | ഉള്ള മാസത്തിന്റെയും അവസാനം ഓരോ യൂണിറ്റും തീരുമ്പോൾ |
| (12) ടേം മൂല്യനിർണയം | പഠനനേട്ടങ്ങൾ വിലയിരുത്തുന്നതിന്. | വർക്ക് ഷീറ്റുകൾ, ടെസ്റ്റ് പേപ്പർ ചിന്തന ബുക്ക് | ഓരോ ടേമിന്റെയും അവസാനം (3 പ്രാവശ്യം) |
| 13 ടാലന്റ് ലാബ് | കുട്ടികളിലെ സർഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് | കുട്ടികളെ ഗ്രൂപ്പ് തിരിക്കൽ, ടാലന്റ് ചിത്രരചന, കവിതാരചന, കഥരചന, കഥാകഥനം കണ്ടെത്തൽ | ജൂൺ മുതൽ മാർച്ച് |

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 14 ആരോഗ്യ വിദ്യാഭ്യാസം | കുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തൽ | മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ | ടേമിൽ ഒരിക്കൽ ( 3 പ്രാവശ്യം |
| 15 ലഹരി, പ്ലാസ്റ്റിക് വിമുക്തം | പ്രകൃതിയുടെ സുരക്ഷ, ആരോഗ്യപരമായ വികസനം | ബോധവത്കരണ ക്ലാസ്സുകൾ. ജൈവ അജൈവ വസ്തുക്കൾ തരംതിരിച്ച് നിക്ഷേപിക്കുക. പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം കുറയ്ക്കൽ | ജൂൺ മാസം ജൂൺ മുതൽ മാർച്ച് വരെ |
| 16 വായനമൂല ഗണിതമൂല സയൻസ് മൂല | വായനയിൽ താല്പര്യം വളർത്തൽ, ഗണിത ശേഷി വർദ്ധിപ്പിക്കൽ, ശാസ്ത്രാഭിരുചി വളർത്തൽ | ക്ലാസിൽ വായന മൂല, ഗണിത മൂല, സയൻസ് മൂല എന്നിവ സജ്ജീകരിച്ച് ലക്ഷ്യം കൈവരിക്കുന്നു. | എല്ലാ ദിവസവും ഉച്ചയ്ക്ക് |
| 17 പൊതുവിജ്ഞാനം (ജി.കെ ടൈം) | പൊതുവിജ്ഞാനത്തിൽ അഗ്രഗണ്യരാക്കുക. | എല്ലാ ശനിയാഴ്ചയും 5 g.k ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. മാസത്തിന്റെ അവസാനം ക്വിസ് | എല്ലാ ശനിയും മാസത്തിന്റെ അവസാനം ക്വിസ് |
| 18 ~~[illegible]~~ കുട്ടികൾക്ക് പ്രത്യേക പരിശീലനം | അക്ഷരകാർഡ് ഓരോ കുട്ടിയും ഓരോ യൂണിറ്റായി പരിശീലിക്കൽ | ചിത്രകാർഡുകൾ, അക്ഷരങ്ങൾ, സംഖ്യാകാർഡുകൾ, മഞ്ചാടി പുളിങ്കുരു | ജൂൺ മുതൽ മാർച്ച് വരെ |

മേഖല : ഭൗതികം

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 18<br>ചുറ്റുമതിൽ | സ്കൂളിന്റെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തൽ | സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം | 1 വർഷം |
| 19<br>കുട്ടികളുടെ പാർക്ക് | കുട്ടികളുടെ കായികശേഷിക്കും പേശീവളർച്ചയ്ക്കും | പാർക്ക് നിർമ്മാണം, കളിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കൽ | 3 വർഷം |
| 20<br>കൃഷി | കൃഷിയോട് ആഭിമുഖ്യം വളർത്തൽ | പച്ചക്കറിത്തോട്ടം, കൃഷിത്തോട്ടം സന്ദർശിക്കൽ, കർഷകരുമായി അഭിമുഖം, പഠനയാത്ര | ജൂലൈ ഒക്ടോബർ, നവംബർ ഫെബ്രുവരി |
| 21<br>കായികമേള | ആരോഗ്യമുള്ള മനസ്സ്, ശരീരം കുട്ടികളുടെ പേശീവികാസം, മാനസികോല്ലാസം | കായിക മത്സരങ്ങൾ ആഴ്ചയിൽ 2 പീരിഡ് കുട്ടികൾക്ക് ഫിസിക്കൽ എഡ്യുക്കേഷൻ | സെപ്റ്റംബർ മുതൽ നവംബർ വരെ |
| 22<br>ലൈബ്രറി നവീകരണം | ലൈബ്രറി നവീകരണപ്രവർത്തനത്തിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും വായനയിലേക്ക് നയിക്കുന്നു | അധ്യാപകരും കുട്ടികളും ജന്മദിനത്തിൽ 2 പുസ്തകങ്ങൾ വീതം സംഭാവന നൽകുന്നു. റൂം മനോഹരമാക്കുന്നു. വായനക്കൂട്ടം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 23 പച്ചക്കറി തോട്ടം. അടുക്കള തോട്ടം. | ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ | കൃഷി ഓഫീസിൽ നിന്നും കിട്ടുന്ന വിത്തുകൾ, തൈകൾ എന്നിവ കുട്ടികൾക്ക് നൽകുന്നു. നന്നായി ചെയ്തവർക്ക് സമ്മാനം നൽകുന്നു. | ജൂലൈ മുതൽ മാർച്ച് വരെ |
| 24 ശലഭോദ്യാനം | പക്ഷിനിരീക്ഷണം, ശലഭ നിരീക്ഷണം | ചെറിയ കുളം അതിൽ ജലസസ്യങ്ങൾ, ജലജീവികൾ എന്നിവയും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യുന്നു. | ഒക്ടോബർ മുതൽ മാർച്ച് വരെ |
| 25 മാലിന്യ സംസ്കരണം | സ്കൂളും പരിസരവും മാലിന്യ മുക്തമാക്കുക. | അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റ് ഉണ്ട്. കൂടാതെ മാലിന്യ സംസ്കരണ യൂണിറ്റുകൾ ജൈവം അജൈവം | ജൂൺ മുതൽ മാർച്ച് വരെ |
| 26 സ്കൂൾ/ക്ലാസ് റൂം നവീകരണം | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | എല്ലാ ക്ലാസ് റൂമുകളും ഭിത്തി കെട്ടി തിരിക്കുക, ടൈൽ ഇടുക. ജനാലകൾക്ക് വാതിൽ കൊടുക്കുക | 2 വർഷം |

മേഖല : സാമൂഹികം

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 27 രക്ഷിതാക്കളുടെ പങ്കാളിത്തം | പി.ടി.എ. ശക്തിപ്പെടുത്തൽ | എല്ലാമാസത്തിലും അവസാനത്തെ വെള്ളിയാഴ്ച ക്ലാസ് പി.ടി.എ ചേരുന്നു കുട്ടികളുടെ രക്ഷിതാക്കളെ വ്യക്തിപരമായി കാര്യങ്ങൾ അറിയിക്കുന്നു. വായനച്ചങ്ങാത്തം, ശില്പശാല - നിർമ്മാണപ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| 28 എസ്.എസ്.ജി. | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് ശക്തിപ്പെടുത്തൽ | നാട്ടിലെ വിദഗ്ദ്ധരായ സേവനം ഉറപ്പാക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം |
| 29 പൂർവവിദ്യാർത്ഥിസംഗമം | സമൂഹത്തിന്റെ സ്പന്ദനങ്ങൾ അറിയുന്നതിനും അതിൽ നല്ലത് സ്വീകരിക്കുന്നതിനും | സ്കൂൾ വാർഷികത്തിലും പഠനോത്സവത്തിലും പൂർവവിദ്യാർത്ഥിസംഗമം നടത്തുന്നു. | ഫെബ്രുവരി മാർച്ച് |
| 30 ഭവനസന്ദർശനം | കുട്ടികളെയും അവരുടെ സാഹചര്യങ്ങളെയും അടുത്തറിയുന്നതിന് | അധ്യാപകർ കുട്ടികളുടെ ഭവനം സന്ദർശിക്കുന്നു. എന്റെ കുട്ടികൾ എന്ന പതിപ്പ് തയ്യാറാക്കുന്നു. | |

# ഉപസംഹാരം

കരിമണ്ണൂർ പഞ്ചായത്തിലെ തൊമ്മൻകുത്ത് ഗ്രാമത്തിലെ പുതു തലമുറ കൊതിക്കുന്നത് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം തങ്ങൾക്കും കിട്ടണമെന്ന ആഗ്രഹത്തോടെയാണ്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പൂർണസഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു. ഉപസംഹരിക്കുന്നു.